# അർണോസ് പാതിരി: മലയാള സാഹിത്യത്തിലെ മഹാമനീഷി

"അർണോസ് പാതിരി മലയാള സാഹിത്യത്തിലെ മഹാമനീഷി" എന്ന ഗ്രന്ഥം സീറോ-മലബാർ സഭ ആസ്ഥാന കാര്യലയത്തിൽ നിന്നും പ്രസിദ്ധീകരിച്ചു. ലിറ്റർജിക്കൽ റിസർച്ച് സെന്ററിന്റെ ആഭിമുഖ്യത്തിൽ എൽ. ആർ. സി. ഡയറക്ടർ റവ. ഡോ. പീറ്റർ കണ്ണമ്പുഴ ആണ് പ്രസ്തുതഗ്രന്ഥം എഡിറ്റു ചെയ്ത് പുറത്തിറക്കിയിട്ടുള്ളത്. സീറോ -മലബാർ സഭ മേജർ ആർച്ച്ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പ്രഥമകോപ്പി ശ്രീ. എഫ്. ആന്റണി പുത്തൂർ, എറണാകുളത്തിനു നല്കികൊണ്ട് പുസ്തക പ്രകാശനം നിർവഹിച്ചു. അർണോസ് പാതിരി മലയാള സാഹിത്യത്തിനും സഭയ്ക്കും സമൂഹത്തിനും നൽകിയ സംഭാവനകൾ എന്ന വിഷയത്തെ ആസ്പദമാക്കികൊണ്ട് സീറോ-മലബാർ സഭയുടെ ഗവേഷണപഠനകേന്ദ്രമായ എൽ. ആർ. സി. 2015 നവംബർ 3,4 തീയതികളിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടത്തിയ 51-ാം മത് സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധങ്ങളുടെ സമാഹാരമാണ് ഈ ഗ്രന്ഥം. കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ ആശംസയിൽ അർണോസ് പാതിരിയുടെ ആദ്ധ്യാത്മിക ഗ്രന്ഥങ്ങൾക്ക് മനുഷ്യമനസ്സുകളെ ക്രിസ്തുവിലേക്ക് അടുപ്പിക്കുവാനുള്ള അപാരമായ ശക്തിയെക്കുറിച്ച് എടുത്തു പറയുന്നു. മാർ പോളി കണ്ണൂക്കാടൻ (എൽ. ആർ. സി. ചെയർമാൻ) പിതാവിന്റെ ഈടുറ്റ അവതാരികയും പുസ്തകത്തിന്റെ ഗരിമയ്ക്ക് മാറ്റു കൂട്ടുന്നു. അർണോസ് പാതിരിയുടെ സംഭാവനകളെക്കുറിച്ച് ഗവേഷണങ്ങൾ നടത്തിയ പ്രമുഖപണ്ഡിതരായ റവ. ഡോ. എ. അടപ്പൂർ എസ്. ജെ., റവ. ഡോ. ജെയിംസ് പുലിയുറുമ്പിൽ, പ്രൊഫ. വി. ജി. തമ്പി, ഡോ. കുര്യാസ് കുമ്പളക്കുഴി, റവ. ഡോ. ചെറിയാൻ കുനിയന്തോടത്ത് സി. എം. ഐ., ഡോ. കെ. എസ്. ഗ്രേസി, ഇന്ദു പി. ജോൺ, ഡോ. റ്റി. എൽ. ജോസ്, എഫ്. ആന്റണി പുത്തൂർ എറണാകുളം, റവ. ഫാ. റോയി എം. തോട്ടത്തിൽ എസ്. ജെ., ജോൺ കള്ളിയത്ത് വേലൂർ എന്നിവരുടെ ഗവേഷണപ്രബന്ധങ്ങളാണ് ഗ്രന്ഥത്തിന്റെ ഉള്ളടക്കം. അർണോസ് പാതിരിയുടെ പുത്തൻപാന ജനകീയമാക്കുവാൻ വ്യാപകമായപ്രചാരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയും അതിനുള്ള അംഗീകാരമായി സംസ്ഥാന സർക്കാരിന്റെ ഫോക്‌ലോർ അക്കാദമിയുടെ പ്രഥമ അവാർഡിന് അർഹനാകുകയും ചെയ്ത ശ്രീ. എഫ്. ആന്റണി പുത്തൂരിന്റെ പുത്തൻപാനയെക്കുറിച്ചുള്ള ആസ്വാദനപഠനം ഗ്രന്ഥത്തിന്റെ ശോഭ വർധിപ്പിക്കുന്നു. പരദേശിയായിരുന്നിട്ടു കൂടി മലയാളഭാഷയിലും സംസ്കൃതഭാഷയിലും അഗാധമായ ജ്ഞാനം ആർജിച്ച് മലയാളഭാഷാ സംസ്കൃതിയെ പുഷ്‌ക്കലമാക്കിയ അതുല്യപ്രതിഭ, നിഘണ്ടു പോലെയുള്ള വൈജ്ഞാനിക ഗ്രന്ഥങ്ങളുടെ കർത്താവ്, എഴുത്തച്ഛനുശേഷമുള്ള മലയാളസാഹിത്യമണ്ഡലത്തെ പ്രോജ്വലമാക്കിയ സർഗാത്മകൃതികളുടെ കർത്താവ്, കാൽപനികതയുടെ സുവർണയിഴകൊണ്ട് ക്രിസ്തീയഭക്തിപ്രസ്ഥാനത്തിന് വ്യക്തിത്വം നൽകിയ വിദേശമിഷണറി, കവിതകളിലൂടെയും സാഹിത്യത്തിലൂടെയും ക്രിസ്തുദർശനം സാംസ്കാരിക കേരളത്തിന് പകർന്നു നല്കിയ ദാർശനികൻ, സാംസ്കാരികസമന്വയത്തിന് നേതൃത്വം നൽകിയ ആത്മീയാചാര്യൻ എന്നീ നിലകളിലൊക്കെ അർണോസ് പാതിരി മലയാളസാഹിത്യ സാംസ്കാരിക മണ്ഡലങ്ങൾക്ക് പകർന്നു നൽകിയ അതുല്യമായ സംഭാവനകളെ ഗ്രന്ഥത്തിലെ ലേഖനങ്ങൾ മിഴിവാർന്ന വാക്കുകളിൽ വിലയിരുത്തുന്നു. കാലത്തിന് ഒരിക്കലും മറക്കാൻ കഴിയാത്ത മലയാളസാഹിത്യത്തിലെ പല പ്രസ്ഥാനങ്ങളുടെയും തുടക്കകാരനായ ഈ അതുല്യപ്രതിഭയെ തികഞ്ഞ ചാരുതയോടെ ഈ കൃതി അവതരിപ്പിക്കുന്നു. അർണോസ് പാതിരിയുടെ ജീവിതവും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സ്ഥലങ്ങളെക്കുറിച്ചും അവയുടെ പ്രസക്തിയെക്കുറിച്ചുമുള്ള ലേഖനങ്ങളും ഫോട്ടോകളും, അർണോസിന്റെ കൈയെഴുത്തുപ്രതികളുടെ ഫോട്ടോകളും ഈ ഗ്രന്ഥത്തെ സർവ്വഥാ ആകർഷകമാക്കുന്നു. സീറോ-മലബാർ സഭയുടെ ഗവേഷണപഠനകേന്ദ്രം എന്ന നിലയിൽ ഈ ഗ്രന്ഥം തയാറാക്കി പ്രസിദ്ധീകരിക്കാൻ കഴിഞ്ഞത് എൽ. ആർ. സി. യെയും അതിന്റെ ഡയറക്ടർ റവ. ഡോ. പീറ്റർ കണ്ണമ്പുഴയുടെയും അഭിമാനാർഹമായ നേട്ടമാണ്. ഇരുനൂറ്റി അമ്പത്തിരണ്ടു പേജുകളുള്ള ഈ ഗ്രന്ഥത്തിന്റെ മുദ്രണം ഭംഗിയായി നിർവഹിച്ച വിയാനി പ്രിന്റേഴ്സ് ആണ്. മൗണ്ട് സെന്റ് തോമസിലെ ലിറ്റർജിക്കൽ റിസർച്ച് സെന്ററിൽ ഈ പുസ്തകം ലഭ്യമാണ്. വിശദവിവരങ്ങൾക്ക് 9497324768/ 0484 2425727, **Email id: syromalabarlrc@gmail.com**.



സീറോ-മലബാർ സഭ മേജർ ആർച്ച്ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പ്രഥമകോപ്പി ശ്രീ. എഫ്. ആന്റണി പുത്തൂരിനു നല്കികൊണ്ട് പുസ്തക പ്രകാശനം നിർവഹിക്കുന്നു. എൽ. ആർ. സി. ചെയർമാൻ ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ, ബിഷപ്പ് റെമിജീയൂസ് ഇഞ്ചനാനിയിൽ, എൽ. ആർ. സി. എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഡോ. പീറ്റർ കണ്ണമ്പുഴ (എഡിറ്റർ) എന്നിവർ സമീപം.